പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **1890** 16-02-2016 - ൽ മറുപടിയ്ക്ക്

**മത്സ്യബന്ധനം**

ചോദ്യം ഉത്തരം

| | | | |
|---|---|---|---|
| | **ശ്രീ.ടി.എൻ.പ്രതാപൻ**<br>**ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**ശ്രീ.പി.സി.വിഷ്ണുനാഥ് :** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനുവേണ്ടി സബ്സിഡി നിരക്കിൽ നൽകുന്ന മണ്ണെണ്ണ തുലോം പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഉണ്ട്. പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവ് തുലോം പരിമിതമായതിനാലാണ് 9 തീരദേശ ജില്ലകളിൽ 12 മണ്ണെണ്ണ ബങ്കുകൾ മത്സ്യഫെഡിന്റെ കീഴിൽ സ്ഥാപിച്ചുകൊണ്ട് സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണം ചെയ്തു വരുന്നത്. |
| ബി) | പാവപ്പെട്ട മത്സ്യത്തൊഴിലാളികൾ കരിഞ്ചന്തയിൽ നിന്നും വൻ വില കൊടുത്ത് മണ്ണെണ്ണ വാങ്ങുന്നത് ഒഴിവാക്കുവാൻ സബ്സിഡി നിരക്കിൽ നൽകുവാൻ നടപടി സ്വീകരിക്കുമോ ; | ബി) | ലിറ്ററൊന്നിന് 25/- രൂപ സബ്സിഡി നിരക്കിൽ എഞ്ചിന്റെ കുതിര ശക്തിക്കനുസരിച്ച് പ്രതിമാസം 140 ലിറ്റർ മുതൽ 190 ലിറ്റർ വരെ വെള്ള മണ്ണെണ്ണ പെർമിറ്റ് ഉടമകൾക്ക് നൽകുന്ന പദ്ധതി 2015 ജൂലൈ മുതൽ നടപ്പിലാക്കിവരുന്നു. |
| സി) | പ്രതിമാസം എത്ര ലിറ്റർ മണ്ണെണ്ണ സബ്സിഡി നിരക്കിൽ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | സി) | എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച് 140-ലിറ്റർ (10-എച്ച്.പി. വരെ), 150-ലിറ്റർ (10-എച്ച്.പി. മുതൽ 15 എച്ച്.പി. വരെ), 190-ലിറ്റർ (15-എച്ച്.പി. ക്ക് മുകളിൽ) എന്ന നിരക്കിൽ പ്രതിമാസം ഓരോ പെർമിറ്റ് ഉടമകൾക്കും സംസ്ഥാനത്തെ 12 മണ്ണെണ്ണ ബങ്കുകൾ വഴി ലഭ്യമാക്കുന്നുണ്ട്. |
| ഡി) | നിലവിൽ ഏതൊക്കെ ഏജൻസികൾ മുഖേനയാണ് മണ്ണെണ്ണ വിതരണം നടത്തുന്നത്; | ഡി) | പൊതുവിതരണ സമ്പ്രദായത്തിലെ മണ്ണെണ്ണ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റ് വഴിയും, സംസ്ഥാന സർക്കാർ സബ്സിഡിയോടെ വെള്ള മണ്ണെണ്ണ വിതരണം മത്സ്യഫെഡ് വഴിയുമാണ് നടത്തി വരുന്നത്. |
| ഇ) | മത്സ്യത്തൊഴിലാളികളുടെ സൗകര്യാർത്ഥം കൂടുതൽ ബങ്കുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ ? | ഇ) | നിലവിൽ 9-തീരദേശ ജില്ലകളിൽ 13-മണ്ണെണ്ണ ബങ്കുകൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 12 മണ്ണെണ്ണ ബങ്കുകളാണ് സ്ഥാപിച്ചിട്ടുള്ളത്. മറ്റൊരു ബങ്കിന്റെ നിർമ്മാണ പ്രവർത്തനം (കൊല്ലം ജില്ലയിലെ തങ്കശ്ശേരിയിൽ) നടന്നുവരികയാണ്. |

Jeyasree

സെക്ഷൻ ഓഫീസർ